## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 452 29.06.2016-ൽ മറുപടിക്ക്

## സുവർണ്ണ കേരളം പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.സണ്ണി ജോസഫ്**<br>**,, കെ.മുരളീധരൻ**<br>**,, വി.എസ്.ശിവകുമാർ**<br>**,, റോജി എം. ജോൺ :** | **ശ്രീ. എ.സി. മൊയ്തീൻ**<br>**(സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി)** |
| (എ) സഹകരണ മേഖലയിൽ മുൻ ഗവൺമെന്റ് സുവർണ്ണ കേരളം പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ; | (എ) നടപ്പിലാക്കിയിട്ടുണ്ട്. നൂതനവും ആരോഗ്യകരവുമായ കൃഷി രീതികൾ ഉപയോഗപ്പെടുത്തി സഹകരണ സംഘങ്ങളിലൂടെ കേരളത്തിലെ എല്ലാ വീടുകളിലും പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി 2014 നവംബർ 1 മുതൽ സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ വഴി ഈ പദ്ധതി നടപ്പിലാക്കി വരുന്നു. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുമൂലം കൈവരിക്കാൻ ഉദ്ദേശിച്ചിരുന്നത് ; | (ബി) നൂതനവും ആരോഗ്യകരവുമായ കൃഷി രീതികൾ ഉപയോഗപ്പെടുത്തി സഹകരണ സംഘങ്ങളിലൂടെ കേരളത്തിലെ എല്ലാ വീടുകളിലും പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക, സുരക്ഷിതമായ ഭക്ഷണം എന്ന ആവശ്യം ജനകീയ പങ്കാളിത്തത്തോടുകൂടി കേരളത്തിലെ സഹകരണ മേഖല മുഖേന നടപ്പാക്കുക എന്നിവയാണ് ഈ പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിച്ചിരുന്നത്. |

| | |
|---|---|
| (സി) പദ്ധതി നടത്തിപ്പിൽ എന്തെല്ലാം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട് ; | (സി) വിഷമില്ലാത്ത പച്ചക്കറി കൃഷി ചെയ്യുന്നതിന്റെ ആവശ്യകത സംബന്ധിച്ച് ജനങ്ങളുടെ ഇടയിൽ ബോധവത്കരണം നടത്താൻ കഴിഞ്ഞു. സ്വന്തമായി കൃഷി ചെയ്തു ലഭ്യമാകുന്ന ഉല്പന്നങ്ങൾ ആവശ്യത്തിനു ശേഷം വിറ്റഴിക്കുന്നത് കർഷകർക്ക് ഒരു വരുമാന മാർഗ്ഗമാകുകയും ചെയ്തു. |
| (ഡി) ഈ പദ്ധതിക്കായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | (ഡി) കേരളത്തിലുടനീളം സഹകരണ സംഘം രജിസ്ട്രാരുടെ ഭരണനിയന്ത്രണത്തിൻ കീഴിൽ വരുന്ന എല്ലാ സഹകരണ സംഘങ്ങൾക്കും സുവർണ്ണകേരളം പദ്ധതി നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ഓരോ താലൂക്കിലും ഉള്ള സർവ്വീസ് സഹകരണ ബാങ്കുകൾ ടി പ്രദേശത്ത് ഓരോ സീസണുകളിലും യോജിച്ച പച്ചക്കറി വിത്തുകൾ/തൈകൾ എന്നിവ പോളിഫാമുകളിൽ വികസിപ്പിച്ചെടുത്ത് ഗുണ മേന്മയും അത്യൽപാദന ശേഷിയുള്ള വിത്തുകൾ/ തൈകൾ എന്നിവ സർക്കാർ കൃഷിഫാം/ നേഴ്സറികൾ വഴി വാങ്ങിയും സൗജന്യമായോ/ മിതമായ വിലക്കോ വ്യക്തികൾക്ക് വിതരണം ചെയ്യുന്നതിനും, സംഘം പരിധിയിൽ ആരംഭിക്കുന്ന പച്ചക്കറി കൃഷിക്ക് കൃഷിഭവൻ വഴിയും സേവനസന്നദ്ധതയുള്ള സർവ്വീസിൽ നിന്നും വിരമിച്ച കൃഷി ആഫീസർമാർ മുഖേനയും സേവനം ലഭ്യമാക്കാനും സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശം പുറപ്പെടുവിക്കുകയും അതിനനുസൃതമായി |

നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. അംഗങ്ങൾക്ക് കൃഷി ചെയ്യുന്നതിനാവശ്യമായ കാർഷിക വായ്പ ബാങ്കുകൾ വഴി നൽകിവരുന്നു. ബ്ലോക്ക് തലത്തിൽ സഹകരണ വകുപ്പിൻ കീഴിൽ പ്രവർത്തിക്കുന്ന ഫാർമേഴ്സ് സർവ്വീസ് സെൻ്ററിൻ്റെ സേവനവും നൽകുകയുണ്ടായി.

**സെക്ഷൻ ഓഫീസർ**